പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:517 11.12.2012 ലെ മറുപടിക്ക്

**ജലഗതാഗതവകുപ്പിലെ ഷെഡ്യൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജലഗതാഗതവകുപ്പിൽ എത്ര ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നതെന്ന് അറിയിക്കുമോ; | (എ) | 47 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. |
| (ബി) | ഇപ്പോൾ എത്ര ഷെഡ്യൂൾ പ്രതിദിനം നടത്തപ്പെടുന്നുണ്ട് ; | (ബി) | കാസർഗോഡ് ജില്ലയിൽ പറശ്ശിനിക്കടവ് മാട്ടൂൽ സർവ്വീസും കുട്ടനാട് മേഖലയിൽ ഒരു സർക്കുലർ സർവ്വീസും ആലപ്പുഴയിൽ നിന്നും പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുമുൾപ്പെടെ 50 ഷെഡ്യൂൾ നടത്തിവരുന്നു. |
| (സി) | ഇതിനായി നിലവിൽ എത്ര ബോട്ടുകളാണ് ഉണ്ടായിരുന്നത്; ഇപ്പോൾ എത്ര എണ്ണം ഷെഡ്യൂൾ നടത്തുന്നുണ്ട് ; | (സി) | 40 തടി ബോട്ടുകളും 46 സ്റ്റീൽ ബോട്ടുകളും 11 ഫൈബർ ബോട്ടുകളും നിലവിൽ വകുപ്പിലുണ്ട്. ഇതിൽ ഫൈബർ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്നില്ല. 19 തടി ബോട്ടുകളും 33 സ്റ്റീൽ ബോട്ടുകളും ഉൾപ്പെടെ 52 ബോട്ടുകൾ സർവ്വീസിന് ഉപയോഗിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പുതിയ സർവ്വീസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് ; അതിനായി എത്ര പുതിയ ബോട്ടുകൾ വാങ്ങിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | മൂന്നു സർവ്വീസുകൾ പുതിയതായി ആരംഭിച്ചു. 18 പുതിയ സ്റ്റീൽ ബോട്ടുകൾ വാങ്ങി. പുതിയ സർവ്വീസിനായി മൂന്നു ബോട്ടുകൾ ഉപയോഗിക്കുകയും ബാക്കി ബോട്ടുകൾ പഴയ ബോട്ടുകൾക്കുപകരമായി നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ